Lalith Babu

# LSGD യുമായി ബന്ധപ്പെട്ട തിരഞ്ഞെടുപ്പിൽ ട്രഷറിയിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ നശിപ്പിക്കുന്നത് സംബന്ധിച്ച നിർദേശം

Lalith Babu www.rtiexpert.com

B1/123/2021-SEC

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടി ഉത്തരവ്

(ഹാജർ: സുരേന്ദ്രൻ പിള്ള.ബി)

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ട്രഷറികളിൽ സുരക്ഷിത സൂക്ഷിപ്പിൽ വച്ചിട്ടുള്ള രേഖകൾ നശിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 29.12.2021 ലെ ബി1/123/2021/സം.തി.ക നമ്പർ ഉത്തരവ്.

ഉത്തരവ് നം. ബി1/123/2021/സം.തി.ക. തീയതി. 25-09-2023

**ഉത്തരവ്**

2020 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സുരക്ഷിത സൂക്ഷിപ്പിൽ വച്ചിരുന്ന എല്ലാ രേഖകളും കോടതി കേസുകളോ മറ്റ് വിധത്തിൽ കോടതി ഉത്തരവുകളോ ഇല്ലാത്തപക്ഷം നശിപ്പിക്കുന്നതിന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ച് പരാമർശം (1) പ്രകാരം കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2020 ലെ പൊതു തിരഞ്ഞെടുപ്പിനുശേഷമുള്ള ഉപതിരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട ടെൻഡേർഡ് ബാലറ്റ് പേപ്പറുകളുടെ പാക്കറ്റുകൾ, വോട്ടർപട്ടികയുടെ അടയാളപ്പെടുത്തിയ പകർപ്പ് അടങ്ങിയ പാക്കറ്റുകൾ, വോട്ട് രജിസ്റ്റർ ഉടങ്ങിയ സുരക്ഷിത സൂക്ഷിപ്പിൽ വച്ചിട്ടുള്ള എല്ലാ രേഖകളും കോടതി കേസുകളോ മറ്റ് വിധത്തിൽ കോടതി ഉത്തരവുകളോ ഇല്ലാത്തപക്ഷം ഫലപ്രഖ്യാപന തീയതി മുതൽ ഒരുവർഷക്കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് അതത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നശിപ്പിക്കാൻ ഏർപ്പാടാക്കേണ്ടതാണ്.

സുരക്ഷിത സൂക്ഷിപ്പിൽ വച്ചിട്ടുള്ളതും മേൽപ്പറഞ്ഞ കാലപരിധി കഴിഞ്ഞതുമായ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ കൺട്രോൾ യൂണിറ്റുകളും ഡിറ്റാച്ചബിൾ മെമ്മറി മൊഡ്യൂളുകളും സുരക്ഷിത സൂക്ഷിപ്പിൽനിന്ന് തിരികെയെടുത്ത് ഫസ്റ്റ് ലെവൽ ചെക്കിങ് ആവശ്യത്തിലേയ്ക്ക് ജില്ലകളിലെ വെയർഹൗസിൽ സൂക്ഷിക്കേണ്ടതാണ്.

Signed by
Surendran Pillai B
Date: 25-09-2023 12:39:00

Surendran Pillai B
SECRETARY

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും

പകർപ്പ്:-

എല്ലാ വരണാധികാരികൾക്കും ഉപ വരണാധികാരികൾക്കും
കമ്മീഷനിലെ എല്ലാ നോഡൽ ഓഫീസർമാർക്കും
ഐ.ടി സെൽ (കമ്മീഷന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)